# യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച (വി. ലൂക്കോസ് 1:57-80)

കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. ദൈവകാരുണ്യം കണ്ടറിയുന്ന നിമിഷമാണ് ഒരു കുഞ്ഞിന്റെ ജനനം. സഖറിയാ-ഏലിശ്ബാ ദമ്പതികളെ സംബന്ധിച്ചിടത്തോളം ഇത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു. അതുകൊണ്ട് യോഹന്നാന്റെ ജനനവാർത്തയറിഞ്ഞ് ഒത്തുകൂടിയ അയൽക്കാരും ബന്ധുജനങ്ങളും ഒരുപോലെ പറഞ്ഞു: 'കർത്താവ് അവൾക്ക് വലിയ കരുണ കാണിച്ചു' എന്ന് (ലൂക്കോസ് 1:58).

എന്നാൽ ഇത് ദൈവം ആ കുടുംബത്തോടു കാണിച്ച കാരുണ്യം മാത്രമായിരുന്നില്ല. സകല മാനവ ലോകത്തോടുമുള്ള കാരുണ്യമായിരുന്നു. കുഞ്ഞിന്റെ പേരിടീൽ കർമ്മം കഴിഞ്ഞ് പരിശുദ്ധാത്മ നിറവിൽ പ്രവചിക്കുന്ന സഖര്യാ പറയുന്നു, ദൈവം സ്വജനത്തോടു കാണിച്ച ആർദ്രകരുണയാണ് യോഹന്നാന്റെ ജനനം എന്ന് (ലൂക്കോസ് 1:77). പാപികളും പിന്മാറ്റക്കാരുമായിക്കഴിഞ്ഞ ഒരു ജനതയെ പാപമോചനത്തിലൂടെ കർത്താവിന്റെ രക്ഷാപരിജ്ഞാനത്തിലേക്ക് വഴിനടത്തുവാൻ കർത്താവിനു മുന്നോടിയായി വന്ന യോഹന്നാൻ ദൈവകാരുണ്യം തന്നെ ആയിരുന്നു.

'യോഹന്നാൻ' എന്ന പദത്തിന്റെ അർത്ഥം 'യഹോവ കരുണയുള്ളവൻ' എന്നത്രേ. മുൻപറഞ്ഞ സാഹചര്യത്തിൽ യോഹന്നാൻ എന്ന പേര് ആ വ്യക്തിത്വത്തോടും അദ്ദേഹം ജനിച്ച സാഹചര്യത്തോടും എത്ര ഇണങ്ങി വരുന്നു എന്നു നോക്കുക. വേദപുസ്തക പാരമ്പര്യത്തിൽ പേരുകൾക്ക് അർത്ഥമുണ്ട്. കുഞ്ഞിന്റെ ജനനത്തിലൂടെ ദൈവം കുടുംബത്തിനും ലോകത്തിനും ചൊരിയുന്ന സ്നേഹവും കാരുണ്യവും ഭാവിയിൽ ആ വ്യക്തിയിലൂടെ നിറവേറ്റപ്പെടാനുള്ള ദൈവിക പദ്ധതിയും പേരിലൂടെ പ്രകാശിപ്പിക്കപ്പെടുന്നു. വളരുന്നതോടൊപ്പം പേരിന്റെ പൊരുൾ വ്യക്തിയുടെ ജീവിതത്തിലൂടെ ക്രമേണ വെളിവായ് വരുന്നതു കാണാം. ഇതിന് മറ്റ് രണ്ട് ഉദാഹരണങ്ങൾ ആണ് സഖര്യാ, ഏലിശുബാ എന്നീ പേരുകൾ. 'സഖര്യാ' എന്ന വാക്കിന്റെ അർത്ഥം 'യഹോവയെ ഓർത്തു' എന്നാണ്. യഹോവ നോഹയെ ഓർത്തു (ഉല്പ. 8:1), അബ്രഹാമിനെ ഓർത്തു (ഉല്പ. 19:29), ഹന്നയെ ഓർത്തു (1 ശമു. 1:19) എന്നിങ്ങനെ പഴയനിയമത്തിൽ പല ഭാഗങ്ങളിലും കാണാം. ഇവിടെയെല്ലാം യഹോവ മനുഷ്യരെ ഓർക്കുന്നത് അവർക്കുവേണ്ടി കരുണ പ്രവർത്തിക്കുന്നതിനാണ്. 'യഹോവ എന്നെ ഓർത്തു; എന്റെ ജീവിതത്തിൽ ഇടപെട്ട് കരുണ ചെയ്തു' എന്ന് യോഹന്നാന്റെ ജനനത്തിലൂടെ അനുഭവിച്ചറിഞ്ഞ് പേര് സാർത്ഥകമാക്കിയ ആളാണ് സഖര്യാവ്. 'ഏലീശുബാ' എന്ന പേരിനർത്ഥം 'യഹോവ പ്രതിജ്ഞ (വാഗ്ദാനം) ചെയ്തു' എന്നത്രെ. 'നീ എന്റെ മകൾ, ഞാൻ നിന്നെ കൈവിടുകയില്ല; നിന്നെ ഉയർത്തും; നിന്റെ നിന്ദ നീക്കി അനുഗ്രഹിക്കും' എന്ന ദിവ്യ വാഗ്ദത്തം നിറവേറി ദൈവിക കരുണ അനുഭവിച്ചറിയാൻ ഏലീശുബായ്ക്ക് കഴിഞ്ഞു.

ഇന്ന് പേരുകൾ ശബ്ദങ്ങൾ മാത്രമാണ്; അർത്ഥമില്ലാത്ത ശബ്ദങ്ങൾ. ഓരോ കുഞ്ഞിന്റെയും പിറവി ദൈവത്തോടു ചോദിച്ചു വാങ്ങിയ ദൈവകാരുണ്യത്തിൽ നിന്നും ലഭിച്ച ദാനമായി അനുഭവിച്ചറിയണം; കുഞ്ഞിലൂടെ ദൈവം കുടുംബത്തിനും ലോകത്തിനും നന്മ ചെയ്യും എന്ന പ്രത്യാശയുണ്ടാവണം. ഈ അനുഭവവും പ്രത്യാശയും ധ്വനിക്കുന്ന അർത്ഥമുള്ള പേരുകൾ ആവണം കുഞ്ഞുങ്ങൾക്കു നല്കേണ്ടത്. പേരിന്റെ പൊരുൾ സാർത്ഥകമാവുംവണ്ണം കുഞ്ഞ് വളർന്നു വലുതാവട്ടെ.

യോഹന്നാൻ മാംദാനയുടെ ജനനസമയത്തു നടന്ന സംഭവങ്ങൾ കണ്ടവർ അതിശയം കൂറി: "ഈ പൈതൽ എന്താകും" (ലൂക്കോസ് 1:66) എന്ന്. അനന്തമായ സാധ്യതകളോടെയാണ് ഒരു കുഞ്ഞു പിറക്കുന്നത്. കുഞ്ഞുങ്ങളെപ്പറ്റി അവരുടെ സംസാരവും പ്രവർത്തികളും കണ്ട് നാം തന്നെ വിസ്മയത്തോടെ പറയാറുണ്ടല്ലോ 'ഓ എന്തു ബുദ്ധി, ഇതൊക്കെ, എങ്ങനെ, എപ്പോൾ പഠിച്ചു' എന്നൊക്കെ. കുഞ്ഞിനെപ്പറ്റി എത്രയെത്ര സ്വപ്നങ്ങൾ ആണ് അപ്പനും അമ്മയും നെയ്തെടുക്കുന്നത്! കുഞ്ഞു വളരുന്തോറും ഈ പ്രതീക്ഷകളെല്ലാം സാക്ഷാത്കരിക്കപ്പെട്ടു കാണുന്നുണ്ടോ? ഏതു ഭവനാന്തരീക്ഷത്തിലാണു കുഞ്ഞു പിറന്നുവീഴുന്നത്; ഏത് സാഹചര്യങ്ങളിലാണ് അവൻ വളരുന്നത്; ഇവയെ ആശ്രയിച്ചിരിക്കും കുഞ്ഞിന്റെ ഭാവി. ഓരോ ശിശുവിന്റെയും ജനനം ദൈവത്തിന് ലോകത്തെ സംബന്ധിച്ചുള്ള പ്രത്യാശ ഇനിയും അവശേഷിക്കുന്നു എന്നാണ് സൂചിപ്പിക്കുന്നത്. കന്മഷവും കാപട്യവും അഹന്തയും തൻപോരിമയും കൊണ്ട് വക്രമായിപ്പോയ മുഖങ്ങൾ ഉള്ള മുതിർന്ന തലമുറയുടെ നടുവിൽ നേരും നിഷ്കളങ്കതയും താഴ്മയും ലാളിത്യവും പ്രകാശിക്കുന്ന കുഞ്ഞുമുഖങ്ങളോടെ ഒരിളം തലമുറ ആവിർഭവിക്കുന്നത് വലിയ പ്രത്യാശ തന്നെ.

**- ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**